14813
26/8/19

"ഭരണഭാഷ- മാതൃഭാഷ"

# കേരള സർക്കാർ

## സംഗ്രഹം

ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ്—വിവിധ വകുപ്പുകളിൽ വിശേഷാൽ ചട്ടപ്രകാരം താഴ്ന്ന വിഭാഗം ജീവനക്കാർക്ക് 10 ശതമാനത്തിനുമേൽ തസ്തികമാറ്റം അനുവദിച്ചിരുന്നത് തുടരാൻ അനുവദിച്ചുകൊണ്ട് 3.1.2014-ലെ സ.ഉ. (പി) 1/2014/ഉഭപവ നമ്പർ ഉത്തരവ് ഭേദഗതിചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**ഉദ്യോഗസ്ഥ ഭരണ പരിഷ്കാര (റൂൾസ്) വകുപ്പ്**

സ.ഉ. (പി) നം. 6/2019/ഉ.ഭ.പ.വ. തീയതി, തിരുവനന്തപുരം, 24/08/2019

---

പരാമർശം:— (1) 3/1/2014-ലെ സ.ഉ. (പി) 1/2014/ഉ.ഭ.പ.വ. നമ്പർ ഉത്തരവ്.
(2) 19/7/2014-ലെ സ.ഉ. (പി) 21/2014/ഉ.ഭ.പ.വ. നമ്പർ ഉത്തരവ്.
(3) 28/5/2015-ലെ സ.ഉ. (പി) 16/2015/ഉ.ഭ.പ.വ. നമ്പർ ഉത്തരവ്.
(4) 20/6/2015-ലെ സ.ഉ. (പി) 19/2015/ഉ.ഭ.പ.വ. നമ്പർ ഉത്തരവ്.
(5) WP (C) No. 40183/2017-ലും അനുബന്ധ കേസുകളിലും ബഹു. ഹൈക്കോടതി 24/9/2018-ൽ പുറപ്പെടുവിച്ച വിധിന്യായം.
(6) കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ സെക്രട്ടറിയുടെ 22/6/2019-ലെ AV(1)/4607/16/GW നമ്പർ കത്ത്.

## ഉത്തരവ്

വിവിധ വകുപ്പുകളിലെ താഴ്ന്ന വേതനക്കാരായ ജീവനക്കാർക്ക് എൽ.ഡി. ക്ലർക്ക്/എൽ.ഡി. ടൈപ്പിസ്റ്റ് തസ്തികകളിലേക്കുള്ള തസ്തികമാറ്റത്തിനുള്ള അവസരസമത്വം ഉറപ്പാക്കുന്നതിലേക്കായി വിവിധ വകുപ്പുകളിലെ തസ്തികമാറ്റത്തിനുള്ള അനുപാതം 10%-മായി ഏകീകരിച്ചുകൊണ്ട് പരാമർശം (1) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. തദനുസൃതമായി വിവിധ വകുപ്പുകളിലെ ബന്ധപ്പെട്ട വിശേഷാൽ ചട്ടങ്ങളിൽ ആവശ്യമായ ഭേദഗതി വരുത്തുന്നതിനും നിർദ്ദേശം നൽകിയിരുന്നു.

2. പ്രസ്തുത സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുന്നതിനുമുമ്പ് സിവിൽ ജുഡീഷ്യറി, റവന്യൂ എന്നീ വകുപ്പുകളിലെ ലാസ്റ്റ് ഗ്രേഡ് ജീവനക്കാർക്ക് ടി വകുപ്പുകളിൽ നിലവിലുണ്ടായിരുന്ന വിശേഷാൽ ചട്ടപ്രകാരം എൽ.ഡി. ക്ലർക്ക്/എൽ.ഡി. ടൈപ്പിസ്റ്റ് തസ്തികകളിലേക്ക് യഥാക്രമം 40%, 15% തസ്തികമാറ്റ സ്ഥാനക്കയറ്റം അനുവദിച്ചിരുന്നു. എന്നാൽ 3/1/2014-ലെ ഉത്തരവ് അതിന്റെ യഥാർത്ഥ ഉദ്ദേശ്യത്തിന് വിരുദ്ധമാവുകയും ടി വകുപ്പുകളിലെ സ്ഥാനക്കയറ്റ സാധ്യതകളെ വലിയരൊളവിൽ തകിടം മറിക്കുകയും ചെയ്തതിനാൽ അസംതൃപ്തരായ ജീവനക്കാർ നിയമപരമായ തീർപ്പുണ്ടാകുന്നതിന് ബഹു. ഹൈക്കോടതിയെ സമീപിക്കുന്നതിന് പ്രേരിതരാകുകയും, പരാമർശം 5-ാമതായി വായിച്ച വിധിന്യായ പ്രകാരം ടി വിഷയം രണ്ടുമാസത്തിനകം തീർപ്പാക്കുന്നതിന് ബഹു. ഹൈക്കോടതി സർക്കാരിനോട് നിർദ്ദേശിക്കുകയും ചെയ്തു.

3. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. താഴ്ന്ന വിഭാഗം ജീവനക്കാരുടെയും. എൽ.ഡി. ക്ലർക്ക്/എൽ.ഡി. ടൈപ്പിസ്റ്റ് തസ്തികകളിലെയും കേഡർ സ്ട്രെങ്ത് വിവിധ വകുപ്പുകളിൽ

വ്യത്യസ്തമാണ്. സിവിൽ ജുഡീഷ്യറി, റവന്യൂ, പൊതുമരാമത്ത് പോലുള്ള വകുപ്പുകളിലെ താഴ്ന്ന വേതനക്കാരായ ജീവനക്കാരുടെ കേഡർ സ്ട്രെങ്ത് എൽ.ഡി. ക്ലർക്ക്/എൽ.ഡി. ടൈപ്പിസ്റ്റ് തസ്തികകളുടെ കേഡർ സ്ട്രെങ്തുമായി താരതമ്യപ്പെടുത്തുമ്പോൾ കൂടുതലാണെന്ന വസ്തുത പരിഗണിക്കാതെയാണ് 3/1/2014-ൽ തസ്തികമാറ്റ നിയമനത്തിനുള്ള അനുപാതം ഏകീകരിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത്. തസ്തികമാറ്റം മുഖേനയുള്ള സ്ഥാനക്കയറ്റ നിയമന അനുപാതത്തിൽ കൊണ്ടുവന്ന ഏകീകരണം തങ്ങളുടെ സ്ഥാനക്കയറ്റത്തിനുള്ള സാധ്യത മന്ദീഭവിപ്പിച്ചു എന്ന പ്രസ്തുത വകുപ്പുകളിലെ താഴ്ന്ന വിഭാഗം ജീവനക്കാരുടെ ആവലാതിക്ക് കഴമ്പുണ്ടെന്നും പ്രസ്തുത സർക്കാർ ഉത്തരവിന്റെ യഥാർത്ഥ ഉദ്ദേശ്യം പ്രായോഗികതലത്തിൽ സഫലീകരിക്കാനായിട്ടില്ലെന്നും ആയതിനാൽ 3/1/2014-ന് മുൻപ് വിവിധ വകുപ്പുകളിൽ ലാസ്റ്റ് ഗ്രേഡ് ജീവനക്കാർക്ക് അതത് വിശേഷാൽ ചട്ടങ്ങളുടെ അടിസ്ഥാനത്തിൽ പത്ത് ശതമാനത്തിനുമുകളിൽ നിലനിന്നിരുന്ന തസ്തികമാറ്റ സ്ഥാനക്കയറ്റ അനുപാതം നിലനിർത്തിക്കൊണ്ടും 10% ൽ താഴെയുണ്ടായിരുന്ന വകുപ്പുകളിൽ അത് 10% ആയി നിജപ്പെടുത്തിക്കൊണ്ടും 3.1.2014-ലെ സ.ഉ. (പി) 1/2014/ഉഭപവ നമ്പർ ഉത്തരവ് ഭേദഗതി ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നത് ഉചിതവും നീതിപൂർവവുമായിരിക്കും എന്ന് സർക്കാർ വീക്ഷിക്കുന്നു.

4. മേൽ സാഹചര്യത്തിൽ 3.1.2014-ന് മുൻപ് വിവിധ വകുപ്പുകളിൽ വിശേഷാൽ ചട്ടപ്രകാരം താഴ്ന്ന വിഭാഗം ജീവനക്കാർക്ക് 10 ശതമാനത്തിനുമേൽ തസ്തികമാറ്റനിയമനം അനുവദിച്ചിരുന്നത് തുടരാൻ അനുവദിച്ചുകൊണ്ട് ഉത്തരവാകുന്നു.

5. 3.1.2014-ലെ സ.ഉ. (പി) 1/2014/ഉഭപവ നമ്പർ ഉത്തരവ് മേൽ ഭേദഗതിയോടെ നിലനില്ക്കുന്നതാണ്.

6. മേൽ പരാമർശം 5-ാമതായി വായിച്ച ബഹു. ഹൈക്കോടതിയുടെ വിധിന്യായം ഇപ്രകാരം നടപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം),

**കെ. ഗോപാലകൃഷ്ണ ഭട്ട്,**
**സെക്രട്ടറി.**

എല്ലാ വകുപ്പുമേധാവികൾക്കും/നിയമനാധികാരികൾക്കും/ഓഫീസുകൾക്കും/
എല്ലാ ജില്ലാ കളക്ടർമാർക്കും.
നിയമം, ധനകാര്യം ഉൾപ്പെടെ സെക്രട്ടേറിയറ്റിലെ എല്ലാ വകുപ്പുകൾക്കും/സെക്ഷനുകൾക്കും.
എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറിമാർക്കും/പ്രിൻസിപ്പൽ സെക്രട്ടറിമാർക്കും/
സെക്രട്ടറിമാർക്കും/സ്പെഷ്യൽ സെക്രട്ടറിമാർക്കും/അഡീഷണൽ സെക്രട്ടറിമാർക്കും/
ജോയിന്റ് സെക്രട്ടറിമാർക്കും/ഡെപ്യൂട്ടി സെക്രട്ടറിമാർക്കും/അണ്ടർ സെക്രട്ടറിമാർക്കും.
ഗവർണ്ണറുടെ സെക്രട്ടറിക്ക് (ആമുഖ കത്ത് സഹിതം).
സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം).
സെക്രട്ടറി, കേരള നിയമസഭ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം).
സെക്രട്ടറി, കേരള സംസ്ഥാന ഇലക്ഷൻ കമ്മീഷൻ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം).
സ്റ്റേറ്റ് ചീഫ് ഇൻഫർമേഷൻ കമ്മീഷണർ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം).
രജിസ്ട്രാർ, കേരള ഹൈക്കോടതി, എറണാകുളം (ആമുഖ കത്ത് സഹിതം).
രജിസ്ട്രാർ, കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം).
അഡ്വക്കേറ്റ് ജനറൽ, എറണാകുളം/തിരുവനന്തപുരം (ആമുഖ കത്ത് സഹിതം).
കേരള നിയമസഭാ സ്പീക്കറുടെ പ്രൈവറ്റ് സെക്രട്ടറിക്ക്/ഡെപ്യൂട്ടി സ്പീക്കറുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.
മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്/എല്ലാ മന്ത്രിമാരുടെയും പ്രൈവറ്റ് സെക്രട്ടറിമാർക്കും.
പ്രതിപക്ഷ നേതാവിന്റെ പ്രൈവറ്റ് സെക്രട്ടറിക്ക്.

ചീഫ് സെക്രട്ടറിയുടെ അഡീഷണൽ സെക്രട്ടറിക്ക്.
വിവര പൊതുജനസമ്പർക്ക (Web & New Media) വകുപ്പ് [പ്രചാരണത്തിന്].
ഉദ്യോഗസ്ഥ ഭരണപരിഷ്കാര (ഉപദേശ-എ, ബി, സി) വകുപ്പുകൾ.
കരുതൽ ഫയൽ/ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 21-08-2019

ഫയൽ നം.റൂൾസ്-2/125/2017/ഉ.ഭ.പ.വ. ഇനം നം: 3286

വിഷയം : ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പ് - 03.01.2014-ന് മുൻപ് വിവിധ വകുപ്പുകളിൽ വിശേഷാൽ ചട്ടപ്രകാരം താഴ്ന്ന വിഭാഗം ജീവനക്കാർക്ക് 10 ശതമാനത്തിനുമേൽ തസ്തികമാറ്റം അനുവദിച്ചിരുന്നത് തുടരാൻ അനുവദിച്ചുകൊണ്ട് 03.01.2014-ലെ സ.ഉ.(പി) നം.1/2014/ഉഭപവ ഉത്തരവ് ഭേദഗതി ചെയ്യുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ടോം ജോസ്
ചീഫ് സെക്രട്ടറി

പ്രിൻസിപ്പൽ സെക്രട്ടറി, ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പ്.

# കേരള സർക്കാർ
# (ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)
# മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

| | | | |
|---|---|---|---|
| 1. | ഫയൽ നമ്പർ | : | റൂൾസ്-2/125/2017/ഉ.ഭ.പ.വ. |
| 2. | വകുപ്പ് | : | ഉദ്യോഗസ്ഥ ഭരണപരിഷ്കാര (റൂൾസ്) വകുപ്പ് |
| 3. | വിഷയം | : | 3.1.2014-ന് മുൻപ് വിവിധ വകുപ്പുകളിൽ വിശേഷാൽ ചട്ടപ്രകാരം താഴ്ന്ന വിഭാഗം ജീവനക്കാർക്ക് 10 ശതമാനത്തിനുമേൽ തസ്തികമാറ്റം അനുവദിച്ചിരുന്നത് തുടരാൻ അനുവദിച്ചുകൊണ്ട് 3.1.2014-ലെ സ.ഉ. (പി) നം. 1/2014/ഉഭപവ ഉത്തരവ് ഭേദഗതി ചെയ്യുന്നത് - സംബന്ധിച്ച് |
| 4. | മന്ത്രിസഭാ യോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : | 8/7/2019 |
| 5. | (i) ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ? | : | അല്ല |
| | (ii) സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : | |
| 6. | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : | ഇല്ല |
| 7. | കുറിപ്പ് സമർപ്പിച്ച അഡീഷണൽ സെക്രട്ടറിയുടെ പേര് | : | ശ്രീമതി. സീനത്തു ബീവി. എസ്. |
| 8. | കുറിപ്പ് അംഗീകരിച്ച പ്രിൻസിപ്പൽ സെക്രട്ടറിയുടെ പേര് | : | ശ്രീ. ജി. കമലവർദ്ധന റാവു |
| 9. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അംഗീകരിച്ച തീയതി | : | 02.08.2019 |
| 10. | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : | ശ്രീ. ടോം ജോസ് |
| 11. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 5/8/2019 |
| 12. | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : | ശ്രീ. പിണറായി വിജയൻ<br>(ബഹു. മുഖ്യമന്ത്രി) |
| 13. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | : | 11/8/2019 |
| 14. | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിക്കുന്ന തീയതി | : | 19/8/2019 |
| 15. | മന്ത്രിസഭാ യോഗം തീരുമാനമെടുത്ത തീയതി | : | 21/08/2019 |
| 16. | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/കത്തിന്റെ നമ്പറും തീയതിയും | : | സ.ഉ. (പി) നം. 6/2019/ഉ.ഭ.പ.വ.<br>തീയതി 24/08/2019 |

# മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

3.1.2014-ലെ സ.ഉ. (പി) നം. 1/2014/ഉഭപവ ഉത്തരവ് പുറപ്പെടുവിക്കുന്നതിന് മുൻപ് വിവിധ വകുപ്പുകളിൽ വിശേഷാൽ ചട്ടപ്രകാരം താഴ്ന്ന വിഭാഗം ജീവനക്കാർക്ക് 10 ശതമാനത്തിനുമേൽ നിലനിന്നിരുന്ന തസ്തികമാറ്റ നിയമനം തുടരാൻ അനുവദിച്ചുകൊണ്ട് 3.1.2014-ലെ ഉത്തരവിന് ഭേദഗതി വരുത്തുന്നത് സംബന്ധിച്ചാണ് ഈ കുറിപ്പിലെ വിഷയം.

2. വിവിധ വകുപ്പുകളിലെ താഴ്ന്ന വേതനക്കാരായ ജീവനക്കാർക്ക് എൽ.ഡി. ക്ലർക്ക്/എൽ.ഡി. ടൈപ്പിസ്റ്റ് തസ്തികകളിലേക്കുള്ള തസ്തികമാറ്റത്തിനുള്ള അവസരസമത്വം ഉറപ്പാക്കുന്നതിലേക്കായി വിവിധ വകുപ്പുകളിലെ തസ്തികമാറ്റത്തിനുള്ള അനുപാതം 10%-മായി ഏകീകരിച്ചുകൊണ്ട് 3/1/2014-ലെ സ.ഉ. (പി) നം. 1/2014/ഉഭപവ പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. അതിനനുസരിച്ച് വിവിധ വകുപ്പുകളിലെ ബന്ധപ്പെട്ട വിശേഷാൽ ചട്ടങ്ങളിൽ ആവശ്യമായ ഭേദഗതി വരുത്തുന്നതിനും വ്യക്തമായ നിർദ്ദേശം നൽകിയിരുന്നു.

3. പ്രസ്തുത സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുന്നതിനുമുമ്പ് സിവിൽ ജുഡീഷ്യറി, റവന്യൂ എന്നീ വകുപ്പുകളിലെ ലാസ്റ്റ് ഗ്രേഡ് ജീവനക്കാർക്ക് യഥാക്രമം 40%, 15% തസ്തികമാറ്റ സ്ഥാനക്കയറ്റം അനുവദിച്ചിരുന്നു. എന്നാൽ 3/1/14-ലെ പ്രസ്തുത ഉത്തരവ് അക്ഷരാർത്ഥത്തിൽ അതിന്റെ യഥാർത്ഥ ഉദ്ദേശ്യത്തിന് വിരുദ്ധമാവുകയും ടി വകുപ്പുകളിലെ സ്ഥാനക്കയറ്റ സാധ്യതകളെ വലിയരൊളവിൽ തകിടം മറിക്കുകയും ചെയ്തിനാൽ അസംതൃപ്തരായ ജീവനക്കാർ

നിയമപരമായ തീർപ്പുണ്ടാകുന്നതിന് ബഹു. ഹൈക്കോടതിയെ സമീപിക്കുന്നതിന് പ്രേരിതരാകുകയും, 24/9/18-ലെ വിധിന്യായത്തിൽ ബഹു. ഹൈക്കോടതി ടി വിഷയം രണ്ടുമാസത്തിനകം തീർപ്പാക്കുന്നതിന് സർക്കാരിനോട് നിർദ്ദേശിക്കുകയും ചെയ്തു.

4. അപ്രകാരം സർക്കാർ ഈ വിഷയം സർവ്വീസ് സംഘടനകളുമായി ചർച്ച ചെയ്യുകയും ബന്ധപ്പെട്ട വകുപ്പുകളുമായി കൂടിയാലോചിച്ച് പരിശോധിക്കുകയും ചെയ്തു. താഴ്ന്ന വിഭാഗം ജീവനക്കാരുടെയും, എൽ.ഡി. ക്ലർക്ക്/എൽ.ഡി. ടൈപ്പിസ്റ്റ് തസ്തികകളിലെയും കേഡർ സ്ട്രെങ്ത് വിവിധ വകുപ്പുകളിൽ വ്യത്യസ്തമാണ്. സിവിൽ ജുഡീഷ്യറി, റവന്യൂ, പൊതുമരാമത്ത് പോലുള്ള വകുപ്പുകളിലെ താഴ്ന്ന വേതനക്കാരായ ജീവനക്കാരുടെ കേഡർ സ്ട്രെങ്ത് താരതമ്യേന കൂടുതലാണെന്ന വസ്തുത പരിഗണിക്കാതെയാണ് 3/1/14-ൽ തസ്തികമാറ്റ നിയമനം ഏകീകരിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത്. തസ്തികമാറ്റ സ്ഥാനക്കയറ്റ അനുപാതത്തിൽ കൊണ്ടുവന്ന ഏകീകരണം തങ്ങളുടെ സ്ഥാനക്കയറ്റത്തിനുള്ള സാധ്യത മന്ദീഭവിപ്പിച്ചു എന്ന ടി വകുപ്പുകളിലെ താഴ്ന്ന വിഭാഗം ജീവനക്കാരുടെ ആവലാതിക്ക് കഴമ്പുണ്ടെന്നും പ്രസ്തുത സർക്കാർ ഉത്തരവിന്റെ യഥാർത്ഥ ഉദ്ദേശ്യം പ്രായോഗികതലത്തിൽ സഫലീകരിക്കാനായിട്ടില്ലെന്നും കാണുന്നു. മേൽ സാഹചര്യത്തിൽ 3/1/14-നുമുമ്പ് വിവിധ വകുപ്പുകളിൽ ലാസ്റ്റ് ഗ്രേഡ് ജീവനക്കാർക്ക് അതത് വിശേഷാൽ ചട്ടങ്ങളുടെ അടിസ്ഥാനത്തിൽ പത്ത് ശതമാനത്തിനുമുകളിൽ നിലനിന്നിരുന്ന തസ്തികമാറ്റ സ്ഥാനക്കയറ്റ അനുപാതം നിലനിർത്തിക്കൊണ്ട് 3/1/14-ലെ സ.ഉ. (പി) നം. 1/2014/ഉഭപവ

ഉത്തരവ് ഭേദഗതി ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നത് ഉചിതവും നീതിപൂർവവുമായിരിക്കും. ആയതിനാൽ 3.1.2014-ലെ ഉത്തരവിന് മുൻപ് ഏതെങ്കിലും വകുപ്പുകളിൽ 10 ശതമാനത്തിലധികം തസ്തികമാറ്റ നിയമനങ്ങൾ അനുവദിച്ചിരുന്നുവെങ്കിൽ അത് അതേപടി നിലനിർത്താമെന്നും പത്തുശതമാനത്തിൽ താഴെയുണ്ടായിരുന്ന വകുപ്പുകളിൽ അത് 10% ആയി നിജപ്പെടുത്താമെന്നും തത്വത്തിൽ സർക്കാർ തീരുമാനിച്ചു. കൂടാതെ ഇത്തരത്തിൽ റേഷ്യോ നിശ്ചയിച്ച് കേഡർ സ്ട്രെങ്ത് കണക്കാക്കുമ്പോൾ താഴ്ന്ന പൂർണ്ണ സംഖ്യയിൽ ആയത് നിജപ്പെടുത്താവുന്നതാണെന്നും തീരുമാനിച്ചു.

5. മേൽ വിഷയത്തിൽ പി.എസ്.സി.-യുടെ ഉപദേശം തേടുകയും, കമ്മീഷൻ സർക്കാരിന്റെ നിർദ്ദേശത്തോട് യോജിക്കുകയും ചെയ്തിട്ടുണ്ട്.

6. 3.1.2014-ലെ സ.ഉ. (പി) നം. 1/2014/ഉ.ഭ.പ.വ. ഉത്തരവ് നിലവിൽ വരുന്നതിന് മുൻപ് ഏതെങ്കിലും വകുപ്പുകളിൽ 10%-ത്തിൽ അധികം തസ്തികമാറ്റ നിയമനങ്ങൾ അനുവദിച്ചിരുന്നുവെങ്കിൽ ആയത് ടി ഉത്തരവ് തീയതി മുതൽ അതേപടി നിലനിർത്തിക്കൊണ്ടും, പത്തുശതമാനത്തിൽ താഴെയുണ്ടായിരുന്ന വകുപ്പുകളിൽ 10% ആയി ഉയർത്തി നിശ്ചയിച്ചുകൊണ്ടും, ഇത്തരത്തിൽ റേഷ്യോ നിശ്ചയിച്ച് കേഡർ സ്ട്രെങ്ത് കണക്കാക്കുമ്പോൾ താഴ്ന്ന പൂർണ്ണ സംഖ്യയിൽ ആയത് നിജപ്പെടുത്തേണ്ടതാണെന്നും വ്യക്തമാക്കിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കാമോ എന്ന ഉത്തരവിനായി ഫയൽ ബഹു. മുഖ്യമന്ത്രിക്ക് ചംക്രമണം ചെയ്തപ്പോൾ 03.01.2014 ന് മുൻപ് സ്പെഷ്യൽ റൂൾ പ്രകാരം 10% നുമേൽ

തസ്തികമാറ്റം അനുവദിച്ചിരുന്നത് തുടരാൻ അനുവദിക്കുന്നതിനും വിഷയം മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കുന്നതിനും ഉത്തരവായിട്ടുണ്ട്.

## തീരുമാനമെടുക്കേണ്ട സംഗതി

3.1.2014-ന് മുൻപ് വിവിധ വകുപ്പുകളിൽ വിശേഷാൽ ചട്ടപ്രകാരം താഴ്ന്ന വിഭാഗം ജീവനക്കാർക്ക് 10 ശതമാനത്തിനുമേൽ തസ്തികമാറ്റനിയമനം അനുവദിച്ചിരുന്നത് തുടരാൻ അനുവദിച്ചുകൊണ്ട് 3.1.2014-ലെ സ.ഉ. (പി) നം. 1/2014/ഉഭപവ ഉത്തരവിന് ഭേദഗതി വരുത്താമോ?